എ.വൈ.ആർ

സൂറ-10

# യൂനുസ്

وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا
وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٨٧﴾

**87** മൂസായെയും സഹോദരനെയും നാം ബോധനം ചെയ്തു: സ്വജനത്തിന്ന് മിസ്്റിൽ മന്ദിരങ്ങളൊരുക്കിക്കൊടുക്കുക. നിങ്ങളുടെ മന്ദിരങ്ങളെ ഖിബ്്ലയാക്കി നമസ്കാരം നിലനിർത്തുക. സത്യവിശ്വാസികൾക്ക് സുവിശേഷം നൽകുകയും ചെയ്യുക!

وَقَالَ مُوسَىٰ رَبَّنَآ إِنَّكَ ءَاتَيْتَ فِرْعَوْنَ وَمَلَأَهُۥ زِينَةً وَأَمْوَٰلًا فِى ٱلْحَيَوٰةِ
ٱلدُّنْيَا رَبَّنَا لِيُضِلُّوا۟ عَن سَبِيلِكَ ۖ رَبَّنَا ٱطْمِسْ عَلَىٰٓ أَمْوَٰلِهِمْ وَٱشْدُدْ عَلَىٰ
قُلُوبِهِمْ فَلَا يُؤْمِنُوا۟ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٨٨﴾

**88** മൂസാ പ്രാർഥിച്ചു: ഞങ്ങളുടെ നാഥാ, ഫറവോന്നും അവന്റെ പ്രമാണിമാർക്കും നീ ഭൗതികജീവിതത്തിൽ ധാരാളം ആർഭാടവും സമ്പത്തും നൽകിയിട്ടുണ്ടല്ലോ. നാഥാ, അവർ നിന്റെ മാർഗത്തിൽനിന്ന് ജനത്തെ തടയാൻ അത് നിമിത്തമായിരിക്കുന്നു. നാഥാ അവരുടെ സമ്പത്ത് നശിപ്പിച്ചു കളയേണമേ, അവരുടെ ഹൃദയങ്ങളെ കടുപ്പിക്കുകയും ചെയ്യേണമേ. നിന്റെ നോവേറിയ ശിക്ഷയെത്തുന്നതുവരെ അവർ സത്യം അംഗീകരിക്കുകയില്ല.

قَالَ قَدْ أُجِيبَت دَّعْوَتُكُمَا فَٱسْتَقِيمَا وَلَا تَتَّبِعَآنِّ سَبِيلَ ٱلَّذِينَ لَا يَعْلَمُونَ ﴿٨٩﴾

**89** അല്ലാഹു മറുപടിയരുളി: നിങ്ങളുടെ പ്രാർഥന സ്വീകരിക്കപ്പെട്ടിരിക്കുന്നു. അടിയുറച്ചു നിലകൊള്ളുവിൻ, വിവരമില്ലാത്തവരുടെ മാർഗം ഒട്ടും പിന്തുടരാതിരിക്കുവിൻ!

| |
|---|
| وَأَوْحَيْنَآ= നാം ബോധനം ചെയ്തു إِلَىٰ مُوسَىٰ= മൂസായിലേക്ക് |
| وَأَخِيهِ= അദ്ദേഹത്തിന്റെ സഹോദരനിലേക്കും أَن= എന്തെന്നാൽ |
| تَبَوَّءَا= നിങ്ങൾ രണ്ടുപേരും ഒരുക്കിക്കൊടുക്കുക |
| لِقَوْمِكُمَا= നിങ്ങൾ രണ്ടുപേരുടെയും ജനത്തിന് بِمِصْرَ= മിസ്റിൽ, നഗരത്തിൽ |
| بُيُوتًا= വീടുക(മന്ദിരങ്ങ)ൾ وَٱجْعَلُوا۟= നിങ്ങൾ ആക്കു(ക്കി)ക |
| بُيُوتَكُمْ= നിങ്ങളുടെ വീടുകളെ, മന്ദിരങ്ങളെ قِبْلَةً= ഖിബ്‌ല, അഭിമുഖം |
| وَأَقِيمُوا۟ ٱلصَّلَوٰةَ= നിങ്ങൾ നമസ്കാരം നിലനിർത്തുക |
| وَبَشِّرِ= നീ സുവിശേഷം നൽകുകയും ചെയ്യുക |
| ٱلْمُؤْمِنِينَ= സത്യവിശ്വാസികൾക്ക് وَقَالَ مُوسَىٰ= മൂസാ പറഞ്ഞു(പ്രാർഥിച്ചു) |
| رَبَّنَآ= ഞങ്ങളുടെ നാഥാ إِنَّكَ= നീ്ശ്ചയം നീ |
| ءَاتَيْتَ فِرْعَوْنَ= ഫറവോന് നീ (ധാരാളം)നൽകി(യിട്ടുണ്ടല്ലോ) |
| وَمَلَأَهُۥ= അവന്റെ പ്രമാണിമാർക്കും زِينَةً= അലങ്കാരം(ആർഭാടം) |
| وَأَمْوَٰلًا= സമ്പത്തും فِى ٱلْحَيَوٰةِ ٱلدُّنْيَا= ഭൗതിക ജീവിതത്തിൽ رَبَّنَا= ഞങ്ങളുടെ നാഥാ |
| لِيُضِلُّوا۟= (ജനത്തെ) അവർ തെറ്റിക്കാൻ (തടയാൻ അത് നിമിത്തമായിരിക്കുന്നു) |
| عَن سَبِيلِكَ= നിന്റെ മാർഗത്തിൽനിന്ന് |
| رَبَّنَا= ഞങ്ങളുടെ നാഥാ ٱطْمِسْ= നീ മായ്ച്ചുകളയുക (നശിപ്പിച്ചു കളയേണമേ) |
| عَلَىٰٓ أَمْوَٰلِهِمْ= അവരുടെ സമ്പത്തിനെ |
| وَٱشْدُدْ= നീ കടുപ്പിക്കുകയും ചെയ്തുകൊള്ളേണം عَلَىٰ قُلُوبِهِمْ= അവരുടെ ഹൃദയങ്ങളെ |
| فَلَا يُؤْمِنُوا۟= അവർ സത്യം അംഗീകരിക്കില്ല |
| حَتَّىٰ يَرَوُا۟= അവർ കാണും(എത്തും)വരെ ٱلْعَذَابَ ٱلْأَلِيمَ= (നിന്റെ) നോവേറിയ ശിക്ഷ |
| قَالَ= അല്ലാഹു പറഞ്ഞു(മറുപടിയരുളി) |
| قَدْ أُجِيبَت= തീർച്ചയായും ഉത്തരം നൽകപ്പെട്ടു(സ്വീകരിക്കപ്പെട്ടിരിക്കുന്നു) |

دَّعْوَتُكُمَا= നിങ്ങൾ രണ്ടുപേരുടെയും പ്രാർഥന

فَٱسْتَقِيمَا= നിങ്ങൾ ചൊവ്വായി നിലകൊള്ളുവിൻ(അടിയുറച്ചു നിൽക്കുവിൻ)

وَلَا تَتَّبِعَآنِّ= രണ്ടുപേരും ഒട്ടും പിൻപറ്റരുത്

سَبِيلَ ٱلَّذِينَ لَا يَعْلَمُونَ= വിവരമില്ലാത്തവരുടെ മാർഗം

**87:** മുൻ സൂക്തങ്ങളിൽ പ്രസ്താവിച്ച തവക്കു(അല്ലാഹുവിൽ ഭരമേൽപിക്കൽ)ലിന്റെ ഘടകവും ധർമധിക്കാരികൾക്കെതിരിലുള്ള സമരത്തിൽ വിജയിക്കാൻ ദൈവകാരുണ്യം ലഭിക്കുന്നതിനുള്ള പ്രധാനമാർഗവുമായ നമസ്കാരം നിലനിർത്താൻ ഉപദേശിക്കുകയാണീ സൂക്തം. സത്യാസത്യ സംഘട്ടനത്തിൽ സത്യത്തിന്റെ കക്ഷികളുടെ മുഖ്യ ശക്തിസ്രോതസ്സായി നമസ്കാരത്തെയും സ്ഥൈര്യത്തെയും സൂറ *അൽബഖറ* 45-ാം സൂക്തത്തിലും 153-ാം സൂക്തത്തിലും അവതരിപ്പിച്ചിട്ടുണ്ട്. ٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ (ക്ഷമകൊണ്ടും നമസ്കാരംകൊണ്ടും അല്ലാഹുവോട് സഹായം തേടുവിൻ) എന്നാണ് ആ സൂക്തങ്ങൾ ഉപദേശിക്കുന്നത്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ നൽകിയിരിക്കുന്നു. ഇവിടെ ഫറവോനികളോട് ഏറ്റുമുട്ടുന്ന ഇസ്രയേല്യരെയും അല്ലാഹു ഉപദേശിക്കുന്നത് അതുതന്നെയാണ്. ഈ സൂക്തത്തിൽ നമസ്കാരവും 89-ാം സൂക്തത്തിൽ സ്ഥൈര്യവും (استقامة) ഉപദേശിച്ചിരിക്കുന്നു. സത്യാസത്യ സംഘട്ടനത്തിൽ എക്കാലത്തും സത്യത്തിന്റെ വാഹകർ മുറുകെപ്പിടിക്കേണ്ട ആയുധങ്ങളാണിതു രണ്ടും. ഇക്കാലത്ത് സത്യത്തിന്റെ ഭടന്മാരെന്നവകാശപ്പെടുന്നവർ ദൈവധിക്കാരികളോടും ധർമനിഷേധികളോടും ഏറ്റുമുട്ടുമ്പോൾ നിരന്തരം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് അവരുടെ കൈവശം ഈ ആയുധങ്ങൾ വേണ്ടവണ്ണം ഇല്ലാത്തതാണ്.

ഈ സൂക്തത്തിന്റെ വ്യാഖ്യാനം സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഏറ്റം പ്രചുരമായ വ്യാഖ്യാനം ഇതാണ്: ഇസ്രയേല്യരെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി ഫറവോനികൾ നമസ്കാരം വിലക്കുകയും പള്ളികൾ തകർക്കുകയും ചെയ്തിരുന്നു. കാലക്രമത്തിൽ ഇസ്രയേല്യർ നമസ്കാരാദി ദീനി അനുഷ്ഠാനങ്ങൾ മറന്നുപോയ മട്ടിലായി. ഭീരുത്വവും വിശ്വാസ ദൗർബല്യവും ഖിബ്തികളുടെ പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്വാംശീകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. സ്വജനത്തിന്റെയും ഖിബ്തികളുടെയും സംസ്കരണ ദൗത്യവുമായി മൂസാ(അ) ആഗതനാവുകയും പൈശാചിക ശക്തികളോടും അധർമങ്ങളോടും സമരമാരംഭിക്കുകയും ചെയ്തപ്പോൾ വിശ്വാസികളിൽ ദൈവഭക്തിയും ധർമബോധവും സമരവീര്യവും ഉറപ്പിക്കുന്നതിന് മുറപ്രകാരം നമസ്കരിക്കുന്ന ശീലം വളർത്താനും അതിനു വേണ്ടി രാജ്യത്തിന്റെ പലഭാഗങ്ങളിൽ പള്ളികൾ നിർമിക്കാനും കൽപിച്ചു. പള്ളികൾ ഖിബ്‌ലക്ക് അഭിമുഖമായിട്ടായിരിക്കണം നിർമിക്കപ്പെടുന്നത്. قبلةയുടെ ഭാഷാർഥം 'അഭിമുഖം' എന്നാണെങ്കിലും ഖുർആന്റെ സാങ്കേതിക ഭാഷയിൽ, നമസ്കരിക്കുന്നവർ തങ്ങളുടെ ലക്ഷ്യമായി കരുതി തിരിഞ്ഞു നിൽക്കുന്ന സ്ഥാനമാണ്. കഅ്ബയാണ് സകല മനുഷ്യർക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യസ്ഥാനം. ഇബ്റാഹീം നബിയുടെ കാലം മുതൽ മൂസാനബിയുടെ കാലം വരെ മറ്റൊരു ഖിബ്‌ല ഉണ്ടായിരുന്നില്ല. അതിനാൽ ഇവിടെ 'നിങ്ങളുടെ വീടുകളെ ഖിബ്‌ലയാക്കുക' -وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً- എന്നു പറയുന്നതിന്റെ താൽപര്യം, നിങ്ങളുടെ പള്ളി

കൾ ഖിബ്ലക്ക് അഥവാ കഅ്ബക്ക് അഭിമുഖമാക്കി നിർമിക്കുക എന്നാണ്.

നമസ്കാരം നിശ്ചിത സമയങ്ങളിൽ സംഘടിതമായി നിർവഹിക്കുന്നതിനാണ് إقامة الصلاة എന്നു പറയുക. അതിനാൽ أَقِيمُوا۟ ٱلصَّلَوٰةَ എന്നതിന്റെ അർഥം, ആ പള്ളികളിൽ നമസ്കാരങ്ങൾ അതിന്റെ കൃത്യസമയങ്ങളിൽ സംഘടിതമായി മുറപ്രകാരം നടത്തുക എന്നാണ്.

ഇതിലുള്ള വ്യാഖ്യാനാന്തരങ്ങൾ ഇവയാണ്. 1) മിസ്വ്ർ എന്ന പദംകൊണ്ട് ഉദ്ദേശ്യം, ഈജിപ്ത് മുഴുവനുമല്ല; അലക്സാണ്ടറിയാ നഗരമാണ്. മിസ്റിന്റെ ഭാഷാർഥം നഗരം എന്നാണെന്നതാണ് ഇതിനുള്ള ഒരു ന്യായം. 2) تبوأ بيوتا എന്നാൽ പള്ളികൾ നിർമിക്കുക എന്നല്ല; വീടുകളിൽ നമസ്കാരത്തിന് സൗകര്യമൊരുക്കുക എന്നാണ്. 3) وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً വീടുകളെ കഅ്ബക്കഭിമുഖമാക്കി നിർമിക്കുക എന്നുമല്ല; ആ വീടുകളെ നമസ്കാര സ്ഥലമാക്കുക എന്നാണ്. أَقِيمُوا۟ ٱلصَّلَوٰةَ എന്നാൽ അവിടെ വെച്ചു കൃത്യസമയങ്ങളിൽ നമസ്കരിക്കുക എന്നും. പരസ്യമായി നമസ്കരിച്ചാൽ ഫറവോനികളിൽനിന്ന് അക്രമമുണ്ടാകുമെന്നതിനാൽ വീടുകളിൽ വെച്ച് രഹസ്യമായി നമസ്കരിക്കാൻ കൽപിച്ചിരിക്കുകയാണിവിടെ. 4) സയ്യിദ് അബുൽഅഅ്ലാ മൗദൂദിയുടെ വീക്ഷണത്തിൽ وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً എന്ന വാക്യത്തിന്റെ താൽപര്യം, നിങ്ങളുടെ പള്ളികളെ ജനങ്ങളുടെ അവലംബസ്ഥാനം അഥവാ സാമൂഹികകേന്ദ്രം ആക്കുക എന്നാണ്. 5) മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയുടെ വീക്ഷണത്തിൽ, 'നിങ്ങളുടെ വീടുകളെ'-بُيُوتَكُمْ- എന്നതുകൊണ്ടുദ്ദേശിക്കുന്നത് മൂസായുടെയും ഹാറൂന്റെയും വീടുകളെയാണ്. വിശ്വാസികളുടെ നായകരുടെ ആസ്ഥാനവും സന്മാർഗ സ്രോതസ്സുമാണത്. പലപള്ളികളിൽ പലദിശകളിലേക്ക് തിരിഞ്ഞ് നമസ്കരിക്കുന്നതൊഴിവാക്കാനും പ്രവാചക വചനങ്ങളെ ഐക്യത്തിന്റെയും ഏകമുഖത്തിന്റെയും ചിഹ്നമാക്കാനും ഉദ്ദേശിച്ചുകൊണ്ട് താൽക്കാലികമായി നിശ്ചയിക്കപ്പെട്ടതാണ് ഈ ഖിബ്ല. ഇസ്രയേല്യർ ഈജിപ്തിൽനിന്ന് പലായനം ചെയ്ത ഘട്ടത്തിൽ ഖിബ്ലയായി നിശ്ചയിക്കപ്പെട്ടത് തൗറാത്ത് സൂക്ഷിച്ച പെട്ടകം(تابوت) ആയിരുന്നു. പിന്നീട് ഫലസ്ത്വീനിൽ അധിവസിച്ച ഇസ്രയേല്യർ അവിടെ ബൈതുൽമഖ്ദിസ് നിർമിച്ചതോടെ അതായിത്തീർന്നു അവരുടെ ഖിബ്ല.

തവക്കുലിലൂടെയും നമസ്കാരത്തിലൂടെയും അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ചുനിൽക്കുന്നവരെ അല്ലാഹു എല്ലാ പരീക്ഷണ ഘട്ടങ്ങളിലും തുണച്ചുകൊണ്ടിരിക്കും. ഇഹത്തിലും പരത്തിലും അവർക്കവൻ വിജയമരുളും. ഈ സുവിശേഷം സൂറയുടെ രണ്ടാം സൂക്തത്തിൽ ഇപ്രകാരം അവതരിപ്പിച്ചിട്ടുണ്ട്: وَبَشِّرِ ٱلَّذِينَ ءَامَنُوٓا۟ أَنَّ لَهُمْ قَدَمَ صِدْقٍ عِندَ رَبِّهِمْ. ഫറവോനികളുടെ ദൈവധിക്കാരത്തിലും അധർമത്തിലും ഭൗതിക ശക്തിയിലും നിരാശപ്പെടാതെ വരാനിരിക്കുന്ന വിജയത്തെയും വിമോചനത്തെയും കുറിച്ച് വിശ്വാസികൾക്ക് തികഞ്ഞ ശുഭപ്രതീക്ഷയും ആത്മവിശ്വാസവും പകർന്നു കൊടുക്കുക എന്നാണ് ഈ സന്ദർഭത്തിൽ പ്രകൃത വാക്യത്തിന്റെ ആശയം.

**88:** മുൻ സൂക്തത്തിന്റെ തുടർച്ചയല്ല ഈ സൂക്തം. മൂസാനബിയുടെ പ്രബോധനത്തിന്റെ ആദ്യ ദശയെയാണ് മുൻ സൂക്തങ്ങൾ പരാമർശിക്കുന്നത്. അതിനുശേഷം കാലം കുറേ കടന്നുപോയി. മൂസാ(അ) തന്റെ യാഥാർഥ്യം അവരെ ബോധ്യപ്പെടുത്തുന്ന അനേകം ദൃഷ്ടാന്തങ്ങൾ ഒന്നിനുപിറകെ ഒന്നായി അവതരിപ്പിച്ചുകൊണ്ടിരുന്നു. അവയിലേറെയും അവരെ അത്ഭുതപ്പെടുത്തുന്നതുമാത്രമായിരുന്നില്ല; ഭൗതികമായി അനുഭവപ്പെടുത്തുന്നതുകൂടിയായിരുന്നു. രക്തപ്രളയം, തവളപ്രളയം, വെട്ടുകിളി

ശല്യം തുടങ്ങിയ ദൃഷ്ടാന്തങ്ങൾ ഫറവോനികളെ കുറച്ചൊന്നുമല്ല വലച്ചത്. ഓരോ ദുരിതവേളയിലും അവർ മൂസായെ സമീപിച്ച് താണുകേണു പ്രതിജ്ഞചെയ്തു: അങ്ങ് ദൈവത്തോട് പ്രാർഥിച്ച് ഈ ദുരിതം നീക്കിത്തന്നാൽ തീർച്ചയായും ഞങ്ങൾ അങ്ങയുടെ ആദർശത്തിൽ വിശ്വസിച്ചുകൊള്ളാം. അതനുസരിച്ച് മൂസാ(അ) പ്രാർഥിക്കുകയും ദുരിതങ്ങളകന്നുപോകുകയും ചെയ്താൽ അവർ നിസ്സങ്കോചം വാക്കുമാറും. പഴയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൂർവോപരി വീറോടെ തുടരുകയും ചെയ്യും. ഖുർആൻ മറ്റു സ്ഥലങ്ങളിൽ ഇത് വിശദീകരിക്കുന്നുണ്ട്. ഒടുവിൽ ഈ ജനത്തെ ഒരുനിലക്കും വീണ്ടെടുക്കാനാവില്ലെന്നും അവർ അനിവാര്യമായ വിനാശത്തിലേക്ക് കുതിച്ചു പായുകയാണെന്നും മൂസാ(അ)ക്ക് ബോധ്യപ്പെട്ടു. ഈ സന്ദർഭത്തിൽ അദ്ദേഹം നടത്തുന്ന ശാപപ്രാർഥനയാണിത്.

സാധാരണഗതിയിൽ ഒരു സത്യപ്രബോധകനും തന്റെ പ്രബോധിതരെ ശപിക്കുകയില്ല. ജനത്തിന്റെ ആക്ഷേപങ്ങളും അക്രമങ്ങളും സഹിച്ചുകൊണ്ടുതന്നെ അവരുടെ സംസ്കരണത്തിനും പരലോക വിജയത്തിനുംവേണ്ടി നിരന്തരം ജിഹാദ് ചെയ്തുകൊണ്ടിരിക്കുകയാണ് പ്രവാചകന്മാരുടെ പൊതുസ്വഭാവം. പക്ഷേ എല്ലാത്തിനും ഒരതിരുണ്ടല്ലോ. അസത്യത്തിന്റെ ഗർത്തത്തിൽനിന്ന് വീണ്ടെടുക്കാൻ ചെയ്യാവുന്നതെല്ലാം നൂറു ശതമാനവും ചെയ്തു കഴിഞ്ഞിട്ടും അക്രമത്തിന്റെയും അധർമത്തിന്റെയും അഗാധതകളിലേക്കു തന്നെ അടിക്കടി ആണ്ടു പോയിക്കൊണ്ടിരിക്കുന്നവരുടെ കാര്യത്തിൽ അവസാനം പ്രവാചകന്മാരും നിരാശരാകുന്നു. അത്തരം ജനതയെ അല്ലാഹു നേരിട്ട് ശിക്ഷിക്കാൻ പോവുകയാണെന്ന് അവർക്കുറപ്പാകുന്നു. അപ്പോൾ ആ ശിക്ഷ എത്രയും വേഗം വന്നുകൊള്ളട്ടെ എന്ന് അവരാഗ്രഹിക്കുന്നു. കാരണം, അത്തരം ജനതയുടെ സന്തതികളും അതേ ദുഷ്ടഗുണങ്ങളുള്ളവരായിരിക്കും. അതിനാൽ ആ ജനത നിലനിൽക്കുന്നേടത്തോളം കാലം ലോകത്ത് ദുഷ്ടജനം പെരുകുകയും അധർമവും അക്രമവും വളരുകയും ചെയ്യുന്നു. സൂറ *നൂഹിൽ* ഉദ്ധരിക്കുന്ന നൂഹ്നബിയുടെ പ്രാർഥനയിൽ ഈ ആശയം കൂടുതൽ വ്യക്തമാകുന്നു.

قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِى وَٱتَّبَعُوا۟ مَن لَّمْ يَزِدْهُ مَالُهُۥ

وَوَلَدُهُۥٓ إِلَّا خَسَارًا ﴿٢١﴾ وَمَكَرُوا۟ مَكْرًا كُبَّارًا ﴿٢٢﴾

..............وَقَدْ أَضَلُّوا۟ كَثِيرًا ۖ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا ضَلَٰلًا ﴿٢٤﴾

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَٰفِرِينَ دَيَّارًا ﴿٢٦﴾ إِنَّكَ إِن

تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ﴿٢٧﴾

(നൂഹ് പ്രാർഥിച്ചു: നാഥാ ഈ ജനം എന്റെ സന്ദേശം തള്ളിക്കളഞ്ഞിരിക്കുന്നു. സമ്പൽസമൃദ്ധിയും സന്താനസമൃദ്ധിയും, പരാജയം അല്ലാതൊന്നും വർധിപ്പിച്ചിട്ടില്ലാത്ത ശഠന്മാരെയാണവർ പിന്തുടരുന്നത്. അവർ ഭീകരമായ തന്ത്രങ്ങൾ അസൂത്രണം ചെയ്തിരിക്കുന്നു...... അങ്ങനെ വളരെ ജനത്തെ അവർ വഴിപിഴപ്പിച്ചു. ആകയാൽ ഈ ധിക്കാരികൾക്ക് വഴികേടല്ലാതൊന്നും ഏറ്റിക്കൊടുക്കേണ്ട. നൂഹ് പറഞ്ഞു: നാഥാ, ഈ നിഷേധികളിലാരെയും ഭൂമിയിൽ വസിക്കാൻ വിടരുതേ, വിട്ടാൽ നിന്റെ ദാസന്മാരെ ഇനിയും അവർ വഴിതെറ്റിച്ചുകൊണ്ടേയിരിക്കും. ഇവരുടെ വംശത്തിൽ ജനിക്കുന്നവരൊക്കെയും കൊടും പാപികളും സത്യനിഷേധികളുമായിരിക്കും –71:21,22,24,26,27). ഒരു ജനതയുടെ അതിക്രമവും അനീതിയും പരമകാഷ്ഠയിലെത്തിക്കഴിഞ്ഞാൽ പിന്നെ അല്ലാഹുവിങ്കൽനിന്നുള്ള ശിക്ഷയല്ലാതൊന്നും അവരെ സംബന്ധിച്ച് പ്രതീക്ഷിക്കാനി

ല്ല. പ്രവാചകന്മാർക്ക് അവരുടെ ജനതകൾ ഈ പതനത്തിലെത്തുന്നത് തിരിച്ചറിയാൻ കഴിയും. അത്തരം സന്ദർഭങ്ങളിലാണ് അവർ സ്വജനങ്ങൾ ശിക്ഷിക്കപ്പെടാൻ പ്രാർഥിക്കുന്നത്. അവരുടെ സംസ്കരണത്തിൽ പ്രതീക്ഷയുടെ കണികയെങ്കിലും ബാക്കിനിൽക്കുമ്പോൾ, അവരിൽനിന്ന് എത്രതന്നെ എതിർപ്പുകളും മർദന പീഡനങ്ങളും സഹിക്കേണ്ടി വന്നാലും ജനതയുടെ രക്ഷക്കുവേണ്ടിയായിരിക്കും പ്രവാചകന്മാർ പ്രാർഥിക്കുന്നത്. മക്കയിൽ ഖുറൈശികളുടെ അതിക്രമങ്ങളിൽ പൊറുതിമുട്ടിയപ്പോൾ മുഹമ്മദ് നബി(സ)യും അബൂബക്കറും ത്വാഇഫിൽ അഭയം തേടുകയുണ്ടായി. മക്കയിലേതിനേക്കാൾ കടുത്ത അക്രമമാണവർക്ക് അവിടെ നേരിടേണ്ടിവന്നത്. കല്ലെറിഞ്ഞും കൂക്കിവിളിച്ചും ഓടിക്കപ്പെട്ട അവരെ ജിബ്രീൽ മുഖേന അല്ലാഹു അറിയിച്ചു, പ്രവാചകൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ജനതയെ മലമറിച്ചിട്ട് നശിപ്പിച്ചു കളയാം. പ്രവാചകന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: “അരുത്, ഈ ജനം കാലക്രമത്തിൽ സത്യം സ്വീകരിച്ചെങ്കിലോ. അഥവാ ഇന്നത്തെ തലമുറയല്ലെങ്കിൽ അടുത്ത തലമുറയെങ്കിലും സത്യത്തിലേക്കു വരുമെന്ന് ഞാൻ ആശിക്കുന്നു.” തിരുമേനിയുടെ ആ പ്രതീക്ഷ സഫലമായെന്ന് കാലം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

زِينَةً وَأَمْوَالًا എന്ന വാക്കിനെയാണ്, ‘ആർഭാടവും സമ്പത്തും’ എന്നു തർജമ ചെയ്തിട്ടുള്ളത്. زِينَةًന്റെ ഭാഷാർഥം അലങ്കാരം, സൗന്ദര്യം എന്നാണ്. എല്ലാ ഭൗതിക നേട്ടങ്ങളെയും زينة എന്ന് വ്യവഹരിക്കാറുണ്ട്. സമ്പത്തും അധികാരവും ശക്തിയും സ്വാധീനവും ശാസ്ത്രസാങ്കേതിക, കലാ സാഹിത്യ രംഗങ്ങളിലുള്ള മികവും എല്ലാം ഭൗതിക ജീവിതത്തിന്റെ زينة ആണ്. ആളുകൾ അത്ഭുതപ്പെടുകയും തങ്ങളും അവരെപ്പോലെയായെങ്കിൽ എന്ന് കൊതിക്കുകയും ചെയ്യുംവണ്ണം വിഭവശേഷിയും സൈനിക ശക്തിയും മറ്റു ഭൗതിക സൗകര്യവുമുള്ളവരാണ് ഫറവോനികൾ. അവരുടെ സൗഭാഗ്യങ്ങൾ കണ്ട് ജനം അവരിൽ ആകൃഷ്ടരാവുകയും അവരുടെ അടിമത്തം സ്വീകരിച്ചിട്ടെങ്കിലും ആ സൗഭാഗ്യങ്ങളിൽ പങ്കുപറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിനാൽ സാമ്പത്തികമായും സൈനികമായും ദുർബലമായ സമൂഹങ്ങളുടെ സംസ്കരണത്തെക്കാൾ വളരെ ക്ലേശകരമായിരിക്കും ഈ രണ്ടു രംഗങ്ങളിലും ഉന്നതരും ഉദ്ധതരുമായ സമൂഹങ്ങളുടെ സംസ്കരണം. ഇക്കൂട്ടരുടെ സൗഭാഗ്യം കണ്ട്, ഇവരുടെ ചര്യകൾ തന്നെയാണ് സത്യവും ധർമവും എന്ന് തെറ്റിദ്ധരിച്ചുകൊണ്ട് ധാരാളം ആളുകൾ അവരെ അനുകരിക്കാൻ വെമ്പൽകൊള്ളും. സമ്പത്തിന്റെയും ഭൗതികസൗകര്യങ്ങളുടെയും സമൃദ്ധി കൊണ്ട് ദൈവികമാർഗത്തിൽ ചരിക്കുകയും ധാർമിക രംഗത്തു പ്രവർത്തിക്കുകയും ചെയ്യുന്നവരെ ദ്രോഹിക്കാനും അവർക്കു കഴിയുന്നു. അങ്ങനെ അവരുടെ സമ്പത്തും ശക്തിയും ആളുകൾ വഴിപിഴക്കാനും പിഴപ്പിക്കപ്പെടാനും കാരണമായിത്തീരുന്നു.

അറബി ഭാഷയിൽ കാരണസൂചകമായ ശബ്ദമാണ് لِ. ചില സന്ദർഭങ്ങളിൽ ഒരു സംഗതിയുടെ അനന്തരഫലത്തെയോ പര്യവസാനത്തെയോ സൂചിപ്പിക്കാനും ഉപയോഗിക്കും. رَبَّنَا لِيُضِلُّوا عَن سَبِيلِكَ എന്ന വാക്യത്തിലെ يضلّون ക്ക് മുന്നിലുള്ള لِ അനന്തരഫലത്തെ സൂചിപ്പിക്കുന്നതാണ്. അതായത്, നിന്റെ മാർഗത്തിൽനിന്ന് വഴിതെറ്റിക്കുന്നതിനുവേണ്ടി നീ അവർക്ക് ആർഭാടവും സമ്പത്തും നൽകി എന്നല്ല, നീ അവർക്ക് നൽകിയ സമ്പത്തിന്റെയും സൗകര്യങ്ങളുടെയും ഫലമായി അവർ നിന്നോട് നന്ദിയുള്ളവരാകുന്നതിനു പകരം നിന്നെ ധിക്കരിക്കുന്നവരും നിന്റെ മാർഗത്തിൽനിന്ന് ജനത്തെ തടയുന്നവരും ആകുന്നതിന് കാരണമായിത്തീർന്നിരിക്കുന്നു എന്നാണാശയം. അതിനാൽ അവരുടെ സമ്പത്തിനെയും സൗകര്യങ്ങളെയും അവരിൽനിന്ന് നീക്കംചെയ്യുകയും അവരുടെ മനസ്സുകളെ കടുപ്പത്തിലകപ്പെടുത്തുകയും ചെയ്യേണമേ എന്നാണ് رَبَّنَا اطْمِسْ عَلَىٰ أَمْوَالِهِمْ وَاشْدُدْ عَلَىٰ قُلُوبِهِمْ എന്ന വാക്യത്തിന്റെ താൽപര്യം.

شَدّ എന്ന ക്രിയക്ക് കടുപ്പിച്ചു, പ്രയാസപ്പെടുത്തി, ഖണ്ഡിച്ചു എന്നെല്ലാം അർഥമുണ്ട്. പ്രകൃത സന്ദർഭത്തിൽ എല്ലാ അർഥവും യോജിക്കും.

**89:** ശരിയായ രീതിയിൽ ശരിയായ സമയത്ത് നടത്തപ്പെടുന്ന പ്രാർഥന അല്ലാഹു ഉടനെ സ്വീകരിക്കുന്നു. മൂസാ-ഹാറൂൻ പ്രവാചകന്മാർ അവരിൽ അർപ്പിതമായ സത്യപ്രബോധനം, സദുപദേശം, മുന്നറിയിപ്പ് തുടങ്ങിയ ദൗത്യങ്ങൾ യഥാവിധം നിർവഹിച്ചുകഴിഞ്ഞ ശേഷം തികച്ചും ന്യായമായി നടത്തിയ പ്രാർഥന വൈകാതെ തന്നെ അല്ലാഹു സ്വീകരിച്ചതായി അറിയിച്ചു. തുടർന്ന് പ്രവാചകനും വിശ്വാസികളും സ്വീകരിക്കേണ്ട നിലപാടും സൂചിപ്പിച്ചിരിക്കുന്നു.

فَٱسْتَقِيمَا (നിങ്ങൾ ചൊവ്വായി നിലകൊള്ളുക) എന്നതിന് രണ്ട് അർഥതലമുണ്ട്. ഒന്ന്, നേരത്തെ പറഞ്ഞതുപോലെ നമസ്കാരം നിലനിർത്തുന്നതോടൊപ്പം വിശ്വാസികൾ ധർമമാർഗത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളുകയും വേണം. എങ്കിലേ അവർക്ക് ദൈവസഹായവും വിജയവും ഉറപ്പിക്കാൻ കഴിയൂ. രണ്ട്, ധിക്കാരികളോട് അല്ലാഹു സ്വീകരിക്കാൻ പോകുന്ന നടപടികളെ ദൃഢമനസ്കരായി നോക്കിക്കാണുക. ഇനി അവരോട് ദയയോ ദാക്ഷിണ്യമോ വേണ്ട. നിങ്ങളും അവരും തമ്മിൽ ഒരു ബന്ധവുമില്ല. അവർക്ക് വേണ്ടി ശിപാർശ ചെയ്യാൻ മുതിരുകയുമരുത്. നൂഹ്നബിയുടെ ജനതക്ക് ശിക്ഷ വിധിക്കപ്പെടുമ്പോൾ അദ്ദേഹത്തിനും സമാനമായ നിർദേശം നൽകിയതായി സൂറ *ഹൂദ്* 37-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്:

وَٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا وَلَا تُخَـٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۚ إِنَّهُم مُّغْرَقُونَ ﴿٣٧﴾

(നമ്മുടെ മേൽനോട്ടത്തിൽ നമ്മുടെ ബോധനമനുസരിച്ച് ഒരു കപ്പൽ പണിയുക. നോക്കുക, അധർമികളായവരുടെ കാര്യത്തിൽ നീ എന്നോട് യാതൊരു ശിപാർശയും ചെയ്യരുത്. അവരൊക്കെയും മുങ്ങിയൊടുങ്ങേണ്ടവരാകുന്നു).

ഒരു സന്ദർഭത്തിൽ മുഹമ്മദ് നബിക്കും അല്ലാഹു ഇതേ നിർദേശം നൽകുന്നുണ്ട്:

فَٱسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا۟ ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿١١٢﴾ وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾

(നീയും ദൈവധിക്കാരത്തിൽനിന്ന് ദൈവഭക്തിയിലേക്ക് പശ്ചാത്തപിച്ചു മടങ്ങിയ കൂട്ടുകാരും നിങ്ങൾ ആജ്ഞാപിക്കപ്പെട്ടതുപോലെ സന്മാർഗത്തിൽ ഉറച്ചു നിൽക്കുക, അതിരുകവിയരുത്. നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും നാഥൻ അറിയുന്നുണ്ട്. നിങ്ങൾ ധിക്കാരികളുടെ ഭാഗത്തേക്ക് ചെരിഞ്ഞു പോകരുത്. അങ്ങനെ ചെയ്താൽ നരകം നിങ്ങളെയും ബാധിക്കും. അല്ലാഹുവിൽനിന്ന് മോചിപ്പിക്കാൻ കഴിയുന്ന ഒരു രക്ഷകനും നിങ്ങൾക്കില്ല. ഒരിടത്തുനിന്നും സഹായം ലഭിക്കുന്നതുമല്ല - 11:112,113). അല്ലാഹു ശിക്ഷിക്കാൻ തീരുമാനിച്ചു കഴിഞ്ഞവരോട് യാതൊരുതരത്തിലുള്ള അനുഭാവവും പുലർത്താതിരിക്കാൻ വിശ്വാസികളെ ജാഗ്രതയുള്ളവരാക്കുകയാണ് ഇത്തരം താക്കീതുകളുടെ ലക്ഷ്യം. അല്ലാഹു വെറുക്കുന്നവരെ വെറുക്കുന്നവരായിരിക്കണം വിശ്വാസികൾ. നാശം വിധിക്കപ്പെട്ടവരോട് അനുഭാവം പുലർത്തുന്നത് വിവരംകെട്ടവരുടെ നടപടിയാണ്. വിശ്വാസികൾ അവരെ അനുകരിക്കരുത്. ■